ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033
E-mail: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം. 25567/വി.വി.ബി2/2018/നി.സെ.

തിരുവനന്തപുരം,
28-12-2018.

## താൽപര്യപത്രം ക്ഷണിക്കുന്നു

കേരള നിയമസഭാ സെക്രട്ടേറിയറ്റിനായി താഴെപ്പറയുന്ന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സന്നദ്ധരായ വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.

| ക്രമ നമ്പർ | വിശദീകരണം |
|---|---|
| 1 | പതിനാലാം കേരള നിയമസഭയുടെ രണ്ടരവർഷക്കാലയളവിലെ നവീന ഉദ്യമങ്ങൾ സംബന്ധിച്ച് സ്വതന്ത്രമായ ആവിഷ്ക്കാര രീതിയിലുള്ളതും അന്താരാഷ്ട്ര നിലവാരത്തിലുള്ളതും ദൈർഘ്യം കുറഞ്ഞതുമായ ഒരു ഡോക്യുമെന്ററി/ വീഡിയോ പ്രസന്റേഷൻ തയ്യാറാക്കൽ |
| 2 | പതിനാലാം കേരള നിയമസഭയുടെ രണ്ടരവർഷക്കാലയളവിലെ നവീന ഉദ്യമങ്ങൾ സംബന്ധിച്ച് പ്രൊഫഷണൽ നിലവാരം പുലർത്തുന്ന 15-20 മിനിട്ട് ദൈർഘ്യം വരുന്ന ഒരു വീഡിയോ സി.ഡി. തയ്യാറാക്കൽ |

ഈ രംഗത്തെ പ്രവൃത്തി പരിചയം സൂചിപ്പിക്കുന്ന ഒരു വിവരണവും , മുൻപ് തയ്യാറാക്കിയ സി.ഡി/ ഡോക്യുമെന്ററി/ലഘുചിത്രം എന്നിവ ഏതെങ്കിലും ഉണ്ടെങ്കിൽ ആയതിന്റെ ഒരു കോപ്പിയും താൽപര്യപത്രത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ക്രമ നമ്പർ 1, 2 എന്നിവയ്ക്കായി പ്രത്യേകം പ്രത്യേകം താൽപര്യപത്രം സമർപ്പിക്കേണ്ടതാണ്. ഒരു വ്യക്തി/സ്ഥാപനം രണ്ടു പ്രവൃത്തികൾക്കും താൽപര്യപത്രം സമർപ്പിക്കുകയാണെങ്കിൽ ആയത് ഭാഗികമായോ/പൂർണ്ണമായോ അംഗീകരിക്കാനോ നിഷേധിക്കാനോ ഉള്ള അവകാശം നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കും. പ്രവൃത്തികളുടെ ഏതെങ്കിലും ഘട്ടത്തിൽ വച്ച് ആയതിൽ മാറ്റം വരുത്താനോ പൂർണ്ണമായോ /ഭാഗികമായോ ഉപേക്ഷിക്കുവാനോ ഉള്ള അവകാശം നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമാണ്. ഇതു സംബന്ധിച്ച് നിയമസഭാ സെക്രട്ടറി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. താൽപര്യപത്രം സമർപ്പിക്കുന്ന കവറിനു പുറത്ത് ഏത് പ്രവൃത്തിക്കു വേണ്ടിയുള്ള താൽപര്യപത്രമാണെന്ന് വ്യക്തമായി രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

താൽപര്യമുള്ളവർ സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ 2019 ജനുവരി 10 ന് വൈകുന്നേരം 5 മണിക്ക് മുൻപായി താൽപര്യപത്രം സമർപ്പിക്കേണ്ടതാണ്.

സെക്രട്ടറി